# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.452. 07.01.2014 ൽ മറുപടിയ്ക്ക്.

**<u>മോട്ടോർ വാഹന വകുപ്പിലെ അറിയിപ്പുകൾ എസ്.എം.എസ്., ഇ – മെയിൽവഴി ലഭ്യമാക്കുന്ന സംവിധാനം</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>" ഐ.സി. ബാലകൃഷ്ണൻ<br>" പി.എ. മാധവൻ<br>" എ.റ്റി. ജോർജ്ജ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) മോട്ടോർ വാഹന വകുപ്പിലെ അറിയിപ്പുകൾ എസ്.എം.എസ്., ഇ – മെയിൽ വഴി ലഭ്യമാക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | മോട്ടോർവാഹന വകുപ്പിൽ എസ്.എം.എസ്., ഇ – മെയിൽ വഴി അറിയിപ്പുകൾ നൽകുന്ന സംവിധാനം 29/08/2013 മുതൽ നിലവിൽ വന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ ;<br>(സി) ഏതെല്ലാം തരം അറിയിപ്പുകളാണ് പ്രസ്തുത സംവിധാനം വഴി ജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) & (സി) | മോട്ടോർവാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ സംബന്ധമായ വിവരങ്ങൾ അറിയിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രസ്തുത സംവിധാനത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>നിലവിൽ പുതുതായി രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ രജിസ്റ്റർ നമ്പർ സംബന്ധമായ വിവരങ്ങൾ, ഓൺലൈൻ അപേക്ഷാ സമർപ്പണവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ഓൺലൈൻ ആയി പണമടയ്ക്കുന്നത് സംബന്ധമായ വിവരങ്ങൾ കൂടാതെ അപേക്ഷ സംബന്ധമായ നടപടിക്രമങ്ങൾ പൂർത്തിയായ ഓരോ ഘട്ടവും അപേക്ഷകനെ അറിയിക്കുന്നതിനുമുള്ള സൗകര്യങ്ങൾ എന്നിവ ഈ സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | നിലവിൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷനുമായി സഹകരിച്ചാണ് ഈ സംവിധാനം നടപ്പിലാക്കിയിരിക്കുന്നത്. ഈ സംവിധാനത്തിനാവശ്യമായ എസ്.എം.എസ്. അക്കൗണ്ട് നൽകുന്നത് കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ ആണ്. |

സെക്ഷൻ ഓഫീസർ.